(സി) നോർക്ക-റൂട്ട്സ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 20 ശതമാനം ഉൾപ്പെടുത്തിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണിത്. അർഹതയുള്ളവർക്ക് നോർക്ക-റൂട്ട്സ് ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെയാണ് ഈ ധനസഹായം നൽകി വരുന്നത്. നാളിതുവരെ ചെയർമാൻ ഫണ്ട് പദ്ധതിയിൽ നിന്നും 985 പേർക്കായി 1,87,50,652 രൂപ അനുവദിച്ചിട്ടുണ്ട്.

നോർക്ക-റൂട്ട്സിലെ ജീവനക്കാരുടെ പ്രൊമോഷൻ

82 (2914) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നോർക്ക-റൂട്ട്സിലെ ജീവനക്കാരുടെ സീനിയർ എക്സിക്യൂട്ടീവ് തസ്തികയിലേക്കും, അസിസ്റ്റന്റ് തസ്തികയിലേക്കും പ്രൊമോഷൻ നൽകിയത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നോർക്ക-റൂട്ട്സിൽ എത്ര ജീവനക്കാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്; പ്രസ്തുത ജീവനക്കാരുടെ പേര്, തസ്തിക, പ്രൊമോഷൻ ലഭിച്ച തസ്തിക ഇവ വിശദമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് പ്രമോഷൻ നൽകിയത് സംബന്ധിച്ച ഗവൺമെന്റ് ഉത്തരവ് ഉണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രൊമോഷനിൽ ഗവൺമെന്റ് കമ്പനി/പൊതുമേഖലാ സ്ഥാപനങ്ങൾ പാലിക്കേണ്ട വ്യവസ്ഥകൾ പാലിച്ചുവോ; പ്രമോഷന് സ്വീകരിച്ച മാനദണ്ഡം വിശദീകരിക്കാമോ;

(ഇ) നോർക്ക-റൂട്ട്സിൽ ജൂനിയർ എക്സിക്യൂട്ടീവ്, അസിസ്റ്റന്റ്, സീനിയർ എക്സിക്യൂട്ടീവ് തസ്തികകളിലേയ്ക്കുള്ള യോഗ്യതയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒരു പരാതി 2016 ജനുവരിയിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ അന്വേഷണം നടത്തി വരുന്നു.

(ബി) 8 പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. ശ്രീമതി ജെൻസി ജോയ്സി, ശ്രീമതി ലാലി രാമകൃഷ്ണൻ എന്നീ ജൂനിയർ എക്സിക്യൂട്ടീവുകൾക്ക് സീനിയർ എക്സിക്യൂട്ടീവ് തസ്തികയിലും ശ്രീമതി ശ്യാമള കുമാരി. എസ്, ശ്രീ. അനിൽകുമാർ, ശ്രീ. മുഹമ്മദ് കബീർ എന്നീ അറ്റൻഡർമാരെയും ഡ്രൈവറായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ജയകുമാറിനെയും തസ്തിക മാറ്റംവഴി അസിസ്റ്റന്റ് തസ്തികയിലും നിയമിച്ചിട്ടുണ്ട്. കൂടാതെ ഫുൾടൈം സ്വീപ്പറായിരുന്ന ശ്രീമതി രാധമ്മാളിനെയും ശ്രീമതി ലതയെയും 28-6-2012-ൽ നടന്ന മുപ്പത്തിയേഴാമത് ബോർഡ് യോഗത്തിലെ പന്ത്രണ്ടാം നമ്പർ തീരുമാനപ്രകാരം സ്വീപ്പർ തസ്തികയിൽ നിന്നും അറ്റൻഡർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(സി&ഡി) നോർക്ക-റൂട്ട്സ് ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെ ആർട്ടിക്കിൾ 34 (സി) പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് നോർക്ക റൂട്ട്സ് ഡയറക്ടർ ബോർഡിന്റെ 24-09-2011-ൽ കൂടിയ മുപ്പത്തിനാലാം യോഗത്തിലെ പതിനെട്ടാം നമ്പർ തീരുമാനപ്രകാരം നോർക്ക റൂട്ട്സ് സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 6 (2) പ്രകാരം രൂപീകരിച്ച നോർക്ക-റൂട്ട്സ് ഡിപ്പാർട്ടുമെന്റ് പ്രൊമോഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെയും നാൽപ്പത്തിരണ്ടാമത് ബോർഡ് യോഗത്തിലെ അജണ്ട നമ്പർ 35 (1)-ലെ ഭാഗത്തെ തീരുമാനപ്രകാരമുള്ള ശിപാർശയുടെയും 27-6-2014-ലെ 3809/ബി2/2014/നോർക്ക നമ്പർ സർക്കാർ കത്തിന്റെയും അടിസ്ഥാനത്തിലാണ് യഥാക്രമം സീനിയർ എക്സിക്യൂട്ടീവ് അറ്റൻഡർമാരായി പ്രൊമോഷൻ നൽകുകയും അസിസ്റ്റന്റുമാരായി ട്രൈബ്യൂണൽ നിയമനം നൽകുകയും ചെയ്തിട്ടുള്ളത്.

(ഇ)

ജൂനിയർ എക്സിക്യൂട്ടീവ് - അംഗീകൃത യൂണിവേഴ്സിറ്റി ബിരുദം, എം.എസ്. വേർഡ്, എക്സൽ എന്നിവയിലുള്ള അറിവും

സീനിയർ എക്സിക്യൂട്ടീവ് - നേരിട്ടുള്ള നിയമനത്തിന് ഡിഗ്രിയും എം.ബി.എ. യോഗ്യതയും പ്രൊമോഷന്-ജൂനിയർ എക്സിക്യൂട്ടീവായുള്ള 5 വർഷത്തെ സേവനം

അസിസ്റ്റന്റ് - സർക്കാർ യോഗ്യത നിശ്ചയിച്ചിട്ടില്ല.

നഴ്സിംഗ് റിക്രൂട്ട്മെന്റ്

83 (2915) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക - റൂട്ട്സ് നഴ്സിങ്ങ് റിക്രൂട്ട്മെന്റ് ക്രമക്കേട് സംബന്ധിച്ച് വകുപ്പ് മന്ത്രി അന്വേഷണം പ്രഖ്യാപിച്ചിരുന്നോ; വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly